ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പമ്പാ പോലീസ് സ്റ്റേഷൻ പരിധി

64 [1579] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി പ്രദേശം പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മൂന്ന് വർഷത്തിലധികമായി ഇക്കാര്യത്തിന് നിരന്തരം നിവേദനം നൽകിയിട്ടും എന്തുകൊണ്ടാണ് ഇക്കാര്യം നടപ്പാക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷൻ പരിധിമാറ്റിക്കൊണ്ട് ഉത്തരവായിട്ടില്ലെങ്കിൽ ആയതിന് ഉത്തരവ് നൽകുമോ?

ഉത്തരം

(എ), (ബി), (സി) ആന്റ് (ഡി) പമ്പാ പോലീസ് സ്റ്റേഷന്റെ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. പമ്പാവാലി-വടക്കേക്കര പ്രദേശം പമ്പാ പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നു മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിലാക്കണമെന്ന ഒരു നിർദ്ദേശവും ഈ പ്രദേശം പത്തനംതിട്ട ജില്ലയിലെ തന്നെ വെച്ചൂച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുത്തണമെന്ന മറ്റൊരു നിർദ്ദേശവുമുണ്ട്. ഈ രണ്ടു നിർദ്ദേശങ്ങളുടെയും വിവിധ വശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

നാദാപുരം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം

65 [1580] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നാദാപുരം, തൊട്ടിൽപ്പാലം, വളയം, എടച്ചേരി പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 4 വർഷത്തിനിടയിൽ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly